പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1848 01.11.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യിൽ ഡ്യൂട്ടി പരിഷ്കരണം

| ചോദ്യം | | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ് | | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ദൈനംദിന ഭരണത്തിൽ തൊഴിലാളി നേതാക്കളുടെ ഇടപെടൽ ഒഴിവാക്കണമെന്ന് സുശീൽ ഖന്ന റിപ്പോർട്ടിൽ ശുപാർശ നൽകിയിരുന്നോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | പ്രൊഫ സുശീൽ ഖന്നയുടെ റിപ്പോർട്ടിൽ അത്തരത്തിലുള്ള ശുപാർശ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി. ഡ്യൂട്ടി പരിഷ്കരണം സംബന്ധിച്ച സുശീൽ ഖന്നയുടെ ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ; | (ബി) | പ്രൊഫ സുശീൽ ഖന്നയുടെ ഇടക്കാല റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ച് കെ.എസ്.ആർ.റ്റി.സി.യിൽ നടപ്പിൽ വരുത്താൻ കഴിയുന്നവ വിവിധ തൊഴിലാളി സംഘടനകളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>കെ.എസ്.ആർ.ടി.സിയുടെ പുനഃരുദ്ധാരണവുമായി ബന്ധപ്പെട്ട് എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറായി പുനഃക്രമീകരിക്കുകയും, ഡ്യൂട്ടി പാറ്റേൺ പരിഷ്കരണം നടപ്പിൽ വരുത്തുകയും ചെയ്തു. ആഫീസർമാരുടെയും, മിനിസ്റ്റീരിയൽ ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറായി |

| | | | |
|---|---|---|---|
| | | | പുനഃക്രമീകരിക്കുകയുണ്ടായി. മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെ ആയിരുന്നത് 16.8.2017 മുതൽ രാവിലെ 9:30 മണി മുതൽ വൈകുന്നേരം 5:30 വരെ ആയി പുനഃക്രമീകരിച്ച് 8 മണിക്കൂറായി നിജപ്പെടുത്തുകയുണ്ടായി. സർവ്വീസ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന യൂണിറ്റ് ഓഫീസർ, ഡിപ്പോ എഞ്ചിനീയർ, ചീഫ് സ്റ്റോറിലെയും, സ്റ്റേഷനറി സ്റ്റോറിലെയും ഓഫീസർമാർ, ജീവനക്കാർ കൂടാതെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന സിവിൽ വിഭാഗത്തിലെ ഓഫീസർമാർ, ജീവനക്കാർ എന്നിവർക്ക് രണ്ടാം ശനിയാഴ്ചയും പ്രവൃത്തി ദിവസമാക്കുകയും ചെയ്തു.<br><br>കൂടാതെ വിവിധ വിഭാഗം ജീവനക്കാരുടെ ജോലി സമയം ക്രമീകരിക്കുന്നതിന്റെ ഭാഗമായി ജനറൽ കൺട്രോളിംഗ് ഇൻസ്പെക്ടർ, ഹെഡ് വെഹിക്കിൾ സൂപ്പർ വൈസർ, എന്നിവരുടെ ഡ്യൂട്ടി സമയം രാവിലെ 5 മണി മുതൽ ഉച്ചയ്ക്ക് 3 മണിവരെയായി പുനഃക്രമീകരിക്കുകയും, ടി സമയക്രമത്തിൽ പ്രസ്തുത ഉദ്യോഗസ്ഥർക്ക് 2 മണിക്കൂർ വിശ്രമം അനുവദിക്കുകയും എന്നാൽ ഫസ്റ്റ് സ്പെല്ലിൽ ആരംഭിക്കുന്ന സർവ്വീസുകൾ മുഴുവനും ഓപ്പറേറ്റ് ചെയ്യുന്നതിനായി രാവിലെ 5 മണി മുതൽ 8 മണിവരെ നിർബന്ധമായും ടി ഉദ്യോഗസ്ഥർ ഡ്യൂട്ടിയിൽ ഉണ്ടായിരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ബസ്സിലെ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച ദേശീയ ശരാശരി നിലവിലെത്രയാണ്; കെ.എസ്.ആർ.ടി.സി യിൽ അത് എത്രയാണെന്ന് | (സി) | പ്രൊഫ സുശീൽ ഖന്നയുടെ പഠന റിപ്പോർട്ടിൻ പ്രകാരം നിലവിൽ ബസ്-ജീവനക്കാരുടെ ദേശീയ ശരാശരി 5.5 ആണ്. ആയത് കോർപ്പറേഷനിൽ 5.92 ആണ്. |

| | | | |
|---|---|---|---|
| | അറിയിക്കാമോ; | | |
| (ഡി) | ദേശീയ ശരാശരി നിലവാരത്തിലേക്ക് പ്രസ്തുത അനുപാതം കൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | കെ.എസ്.ആർ.ടി.സിയിൽ നിലവിൽ ജീവനക്കാരുടെ എണ്ണം വളരെ കൂടുതലാണെന്ന് പ്രൊഫ സുശീൽ ഖന്നയുടെ റിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടുണ്ട്. ആയത് ദേശീയ ശരാശരി നിലവാരത്തിലാക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:<br>1.എല്ലാ തസ്തികകളിലെയും പുതുതായ നിയമനങ്ങൾ നിറുത്തി വച്ചു.<br>2.ഓരോ യൂണിറ്റിനും വേണ്ടുന്ന ജീവനക്കാരുടെ എണ്ണം ക്രമപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചു<br>3.ജീവനക്കാരുടെ എണ്ണം പുനക്രമീകരിക്കുന്നതിന് കോർപ്പറേഷനിലെ ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു<br>4.ജീവനക്കാരുടെ പ്രവർത്തനം ഊർജ്ജപ്പെടുത്തുന്നതിന് എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി സമയം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ